# പതിനാലാം കേരളനിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*313** | **22/08/2017-ൽ മറുപടിക്ക്**

## ഐ.ടി. വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>,, ആർ. രാജേഷ്<br>,, യു. ആർ. പ്രദീപ്<br>,, എ. എൻ. ഷംസീർ | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | ഐ.ടി. രംഗത്ത് കൂടുതൽ തൊഴിൽ സൃഷ്ടിക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; | എ) | ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), മാനവശേഷി മൂലധന വികസനം, പശ്ചാത്തല/അടിസ്ഥാന വികസന സൗകര്യങ്ങൾ, ഐ.റ്റി പാർക്കുകൾ, ഏകജാലക സർക്കാർ പോർട്ടൽ, സ്വതന്ത്ര ഓപ്പൺ സോഫ്റ്റ്വെയറുകളുടെ ഉപയോഗവും, ഉല്പാദനവും, ഇലക്ട്രോണിക്സ് സേവനങ്ങൾ, വിഭവസമാഹാരങ്ങൾ, ജനസേവന കേന്ദ്രങ്ങൾ, ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഇ-കൊമേഴ്സ്, മൊബൈൽ കൊമേഴ്സ്, ടെക്നോളജി ഇന്നവേഷൻ സോൺ, സ്റ്റാർട്ട്അപ്പ് സംരംഭങ്ങൾ, ഓൺലൈൻ വിപണന കേന്ദ്രങ്ങൾ, സൈബർ മേഖല, ഫാബ് ലാബുകൾ, സ്മാർട്ട് ഗ്രാമങ്ങൾ, വ്യവസായ |

| | | | |
|---|---|---|---|
| | | | വികസനവും, തുടങ്ങിയവയിലൂടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിക്കും.<br><br>ഇൻഫർമേഷൻ ടെക്നോളജി വ്യവസായ രംഗത്ത് വിദ്യാർത്ഥി സംരംഭകർക്ക് പ്രോത്സാഹനവും വ്യവസായ സാഹചര്യവും സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ ഇൻഫോപാർക്ക്-നാസ്സ്കോം സംയുക്തമായി സഹകരിച്ചുകൊണ്ട് ഇൻഫോപാർക്ക് - കൊച്ചിയിൽ നാസ്സ്കോം സ്റ്റാർട്ട് അപ്പ് വെയർഹൗസ് എന്ന സ്റ്റാർട്ട് അപ്പ് ഇൻകുബെറ്റർ സംവിധാനം പ്രവർത്തിച്ചു വരുന്നു. ഇതിലൂടെ പ്രോഡക്റ്റ് സ്റ്റാർട്ട് അപ്പുകൾക്ക് വളരാൻ വേണ്ട എല്ലാ പ്രോത്സാഹനങ്ങളും നൽകിവരുന്നു. കൂടാതെ തുടക്കക്കാരായ പ്രവാസി നിക്ഷേപകരെ പ്രോത്സാഹിപ്പിക്കാനായി NRI-TBI എന്ന പേരിൽ ഒരു സ്ഥാപനം ഇൻഫോപാർക്ക് കൊച്ചിയിലും ചെറുകിട ഐ.ടി സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കലൂർ കേന്ദ്രമാക്കി ഇൻഫോപാർക്ക് ടി.ബി.സി എന്ന പേരിൽ ഒരു സ്ഥാപനവും പ്രവർത്തിച്ചു വരുന്നു.<br><br>സംരംഭകർക്കും, നിക്ഷേപകർക്കും വേണ്ടി സൈബർ പാർക്കിൽ കമ്പനികൾക്ക് കുറഞ്ഞ നിരക്കിലാണ് സ്പെയ്സ് നല്കുന്നത്. 5000 ച.അടി മുതൽ 25000 ച.അടി വരെ വാടകയിനത്തിൽ 5% ഇളവ് നല്കുന്നുണ്ട്. കൂടാതെ കെ.എസ്.ഇ.ബി കമ്പനികൾക്കുവേണ്ടി സ്പെഷ്യൽ താരിഫിൽ വൈദ്യുതി നല്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സോഫ്റ്റ് വെയർ രംഗത്ത് വളർച്ച നേടുന്നതിനോടൊപ്പം ഹാർഡ് വെയർ രംഗത്തുകൂടി ചുവടുറപ്പിക്കാനായി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) | സോഫ്റ്റ് വെയർ രംഗത്തെ വളർച്ചയോടൊപ്പം ഹാർഡ് വെയർ അധിഷ്ഠിത വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനും ഐ.ടി. രംഗത്തെ വികസനം സാമൂഹിക ശാക്തീകരണത്തിന് ഉതകുംവിധം പ്രയോജനപ്പെടുത്തുന്നതിനുമുള്ള പദ്ധതികൾ ഐ.ടി. പോളിസി 2017-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| സി) | ഐ.ടി. രംഗത്തെ വികസനം സാമൂഹ്യ ശാക്തീകരണത്തിന് ഉപയുക്തമാക്കുന്നതിനായി പദ്ധതികൾ വ്യാപിപ്പിക്കാനായി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | സി) | ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാരിൽ എത്തിക്കുന്നതിന് വേണ്ടി അക്ഷയകേന്ദ്രങ്ങൾ, ജനസേവന കേന്ദ്രങ്ങൾ എന്നിവയുമായി സഹകരിച്ച് ഓൺലൈൻ ബാങ്കിംഗ് സംവിധാനം,ബാങ്കിംഗ് കിയോസ്കുകൾ, ആധാർ എൻറോൾമെന്റുകൾ വിവിധയിനം പണമിടപാടുകൾ തുടങ്ങിയ പരിപാടികൾ സർക്കാർ ഏകോപിപ്പിച്ച് വരുന്നു. അതോടൊപ്പം ഇ-ഡിസ്ട്രിക്റ്റ്, ഓൺലൈൻ ടെണ്ടർ സംവിധാനം, ഇ-ഹെൽത്ത്, വിവിധയിനം മൊബൈൽ ആപ്ലിക്കേഷനുകൾ സേവന പോർട്ടലുകൾ തുടങ്ങിയവയും ഡിജിറ്റൽ സാങ്കേതിക വിദ്യ ജനങ്ങളിലേക്ക് എത്തുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നു. |
| ഡി) | കേരളത്തെ ഇലക്ട്രോണിക് ഹബ് ആക്കി മാറ്റുവാനുള്ള പരിപാടിയുടെ വിശദാംശം അറിയിക്കാമോ? | ഡി) | കേരളത്തെ ഇലക്ട്രോണിക് ഹബ്ബ് ആക്കി മാറ്റുന്നതിന്റെ ഭാഗമായി ഇലക്ട്രോണിക്സ് രംഗത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും കൂടുതൽ നിക്ഷേപ തൊഴിൽ സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | സൃഷ്ടിക്കുന്നതിനും സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി സംസ്ഥാന വിവര സാങ്കേതിക വകുപ്പ്, **ഇലക്ട്രോണിക്സ് ആന്റ് ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്** എന്ന് പുനർ നാമകരണം ചെയ്തു. ഇലക്ട്രോണിക്സ് ഉൾപ്പെടെയുള്ള വ്യവസായ മേഖലകളിലെ സാങ്കേതിക നവീനതയും, സംരംഭകത്വവും വർദ്ധിപ്പിക്കുന്നതിനായി കേരളാ സ്റ്റാർട്ട്അപ്പ് മിഷൻ, ടെക്നോളജി ഇന്നവേഷൻ സോൺ, ഫാബ് ലാബ്സ്, കേരളാ ഐ.ടി. മിഷൻ തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**